**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5776** **25.05.2017 ൽ മറുപടിക്ക്.**

## ചെക്ക്പോസ്റ്റുകളിലും ഇന്റലിജൻസ് വിഭാഗത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് സുരക്ഷ

| ചോദ്യം<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാണിജ്യനികുതി വകുപ്പിൽ ചെക്കപോസ്റ്റുകളിലും ഇന്റലിജൻസ് സ്ക്വാഡുകളിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക്, ആഫീസുകളിൽ അതേ തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരേക്കാൾ എന്തെങ്കിലും അലവൻസ് കൂടുതലായി നൽകുന്നുണ്ടോ; | (എ ) | ഇല്ല |
| (ബി) | ചെക്ക്പോസ്റ്റുകളിലും ഇന്റലിജൻസ് വിഭാഗത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് മതിയായ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ആവശ്യ ഘട്ടങ്ങളിൽ പോലീസ് സഹായം സ്വീകരിക്കാറുണ്ട്. |
| (സി) | സ്ത്രീജീവനക്കാർക്കുകൂടി ജോലി ചെയ്യാവുന്ന വിധത്തിൽ നിലവിൽ ഏതെങ്കിലും ചെക്ക്പോസ്റ്റുകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | വാണിജ്യനികുതി വകുപ്പ് ചെക്ക് പോസ്റ്റുകളിലും ഇന്റലിജൻസ് സ്ക്വാഡുകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലി സമയം | (ഡി) | ചെക്ക് പോസ്റ്റുകളിലും ഇന്റലിജൻസ് സ്ക്വാഡുകളിലും ജോലി സമയം എട്ടു മണിക്കൂർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. അധികമായിവരുന്ന ജോലിക്ക് കെ.എസ്.ആർ പ്രകാരമുള്ള 'ഓഫ്' |

| | | | |
|---|---|---|---|
| | നിജപ്പെടുത്തിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം അധികമായിവരുന്ന ജോലിക്ക് ഓഫ് അനുവദിക്കുകയോ പ്രത്യേക അലവൻസ് നൽകുകയോ ചെയ്യുന്നുണ്ടോ; | | അനുവദിക്കാറുണ്ട്. |
| (ഇ) | അന്യജില്ലകളിൽ നിന്ന് വ്യത്യസ്ത ചെക്ക്‌പോസ്റ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വിശദമാക്കുമോ? | (ഇ) | അന്യജില്ലകളിൽ നിന്നും ജോലി ചെയ്യുന്ന ജീവനക്കാർക്ക് വാളയാർ, മഞ്ചേശ്വരം, അമരവിള മുതലായ ചെക്ക് പോസ്റ്റുകളിൽ സർക്കാർ ചെലവിൽ താമസ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**